# സ്ഥിരം അദാലത് സമിതി – ഉപജില്ലാ സമിതി 1

നവകേരള സദസ്സ് അദാലത്

അദാലത് സംഘടിപ്പിച്ച സ്ഥലവും തീയതിയും : തിരുവാർപ്പ് പഞ്ചായത്ത് ,കോട്ടയം

24.01.2024 10.AM

**അദാലത്തിൽ പങ്കെടുത്ത സമിതി അംഗങ്ങൾ**

1. Dr. Chithra P Arunima KAS Internal Vigilance Officer
2. Vishnuprasad U Asst. Town Planner LSGD Kottayam
3. Jayachandran P G Junior Superintentant JD Office Kottayam
4. Ganga S, Junior Superintentant JD Office Kottayam

<u>അദാലത്തിൽ തീർപ്പാക്കിയ പരാതികൾ</u>

<u>കുമരകം പഞ്ചായത്തിന്റെ പരിധിയിൽ നാല് പരാതികൾ ആണ് അദാലത്തിൽ വന്നത്. പഞ്ചായത്ത് സെക്രട്ടറിയും സെക്ഷൻ ക്ലർക്കും പങ്കെടുത്തു.</u>

1.സുലേഖ എം എസ് എന്ന പരാതിക്കാരിയുടെ പരാതിയാണ് ആദ്യം എടുത്തത് ആയതു 220 ബി violation ആയതിനാൽ സർക്കാരിന്റെ പൊതു നിർദ്ദേശം ലഭിച്ചാൽ മാത്രമേ പരാതി പരിഹരിക്കാൻ സാധിക്കുകയുള്ളു എന്ന് കക്ഷിയെ ബോധ്യപ്പെടുത്തി.

2. പി എൻ വിശ്വംഭരന്റെ പരാതിയിൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം കായലിൽ നിന്നും 50 മീറ്റർ ദൂരം മാറി വേണം കെട്ടിടം പണിയേണ്ടത്,എന്നാൽ നിലവിൽ 28 മീറ്റർ മാത്രമാണ് ഉള്ളത്. ആയതിനാൽ സർക്കാരിൻറെ പ്രത്യേക പരിഗണന ആവശ്യമായതിനാൽ പൊതു നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ് എന്ന് കക്ഷിയെ അറിയിച്ചു.

3.സുമ സജീവ് സമർപ്പിച്ച പരാതിയിൽ പരാതിക്കാധാരമായ കെട്ടിടം പൊളിച്ചു മാറ്റുന്നതിനായി നോട്ടീസ് നൽകിയിരുന്നു എന്ന് സെക്രട്ടറി അറിയിച്ചു 07.06.2019 ൽ കെട്ടിടം പൊളിച്ചു മാറ്റുന്നതിന് താൽക്കാലിക ഉത്തരവ് നൽകിയിരുന്നതായും എന്നാൽ കെട്ടിടം പൊളിച്ചു നീക്കാത്തതിനെ തുടർന്ന് അനധികൃത നമ്പർ നൽകി നികുതി ചുമത്തിയിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് രാജ് ആക്ട് 235(w ) പ്രകാരം തുടർ നടപടി സ്വീകരിച്ചു റിപ്പോർട്ട് ചെയുന്നതിനു തീരുമാനിച്ചു.

4. സുരേന്ദ്രൻ കെ സമർപ്പിച്ച പരാതിയിൽ പഞ്ചായത്തിന് PWD റോഡ് നിർമ്മിക്കുന്നതിനായി 1994 ൽ പരാതിക്കാരന്റെ പിതാവ് സ്ഥലം വിട്ടു നൽകിയിരുന്നു. നിലവിൽ പരാതിക്കാരൻ നിർമിച്ച കെട്ടിടം ക്രമ വൽക്കരിക്കുന്നതിനു സമർപ്പിച്ചിട്ടുള്ള സൈറ്റ് പ്ലാൻ പ്രകാരം ടി റോഡിൻറെ ഭാഗത്തു നിന്നും KPBR Rule No 23(z ) 3 മീറ്റർ setback പാലിക്കുന്നില്ല ആയതിനാൽ KPBR Rule No.65 (1 ) പ്രകാരം പ്രത്യേക സമിതി രൂപീകരിച്ച് ടി അപേക്ഷ പരിശോധിക്കുന്നതിന് തീരുമാനിച്ചു.

<u>തിരുവാർപ്പ് പഞ്ചായത്തിൽ ആകെ 8 അപേക്ഷകളാണ് ഉള്ളത്.പഞ്ചായത്ത് സെക്രട്ടറിയും സെക്ഷൻ ക്ലർക്കും പങ്കെടുത്തു.</u>

1.നാഗരാജ് കെ എൻ സമർപ്പിച്ച പരാതി പരാതിക്കാരന്റെ നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിന് നമ്പർ ലഭിക്കുന്നതിന് ടിയാൻ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥല പരിശോധന നടത്തുകയും KPBR 2019 ചട്ടം (2) പാലിക്കുന്നില്ല എന്ന് റിപ്പോർട്ട് ചെയ്യുകയും ചെയ്തതായതിനാൽ ടി കെട്ടിടത്തിന് നമ്പർ അനുവദിക്കാൻ സാധിക്കാതെ വന്നു എന്ന് സെക്രട്ടറി അദാലത്തിൽ പറഞ്ഞു. വഴിയോട് ചേർന്നുള്ള പ്ലോട്ട് അതിരും കെട്ടിടവും തമ്മിൽ 1 .35 മീറ്റർ അകലം മാത്രമേ ഉള്ളൂ . 10 % ടോളറൻസ് അനുവദിക്കാൻ കഴിയുമോ എന്ന് സർക്കാരിനോട് ആവശ്യപ്പെടുന്നതിന് അദാലത്തിൽ തീരുമാനിച്ചു.

2. ബെന്നി പി മാത്യു സമർപ്പിച്ച പരാതിയിൽ സ്ഥല പരിശോധന നടത്തിയതിൽ താഴെ പറയുന്ന ന്യൂനതകൾ കണ്ടു എന്ന് സെക്രട്ടറി അറിയിച്ചു.

1) കെട്ടിട നിർമാണ ചട്ടം 26 ടേബിൾ 4 പ്രകാരമുള്ള യാർഡ് പ്രസ്തുത പ്ലോട്ടിൽ ലഭ്യമല്ല.
2) KPBR ചട്ടം 29 പ്രകാരമുള്ള പാർക്കിംഗ് ടി പ്ലോട്ടിൽ ലഭ്യമല്ല.
3) KPBR 42 (3 )പ്രകാരമുള്ള ഭിന്ന ശേഷിക്കാർക്കുള്ള റാംപ് ടി കെട്ടിടത്തിൽ നിർമ്മിച്ചിട്ടില്ല.
4) KPBR ചട്ടം 42 (4 b )പ്രകാരമുള്ള ഭിന്ന ശേഷിക്കാർക്കുള്ള ടോയ്‌ലറ്റ് ടി പ്ലോട്ടിൽ നിർമ്മിച്ചിട്ടില്ല.
5) KPBR ചട്ടം 76 (2 ,3 ) പ്രകാരമുള്ള മഴവെള്ള സംഭരണി നിർമ്മിച്ചിട്ടില്ല.

ടി ന്യൂനതകൾ പരിഹരിച്ചാൽ മാത്രമേ കെട്ടിട നമ്പർ അനുവദിക്കാൻ സാധിക്കുകയുള്ളൂ എന്ന് കക്ഷിയെ ബോധിപ്പിച്ചു. പാർക്കിംഗ് ഏരിയ ഒഴികെയുള്ള ന്യൂനതകൾ പരിഹരിച്ചു അപേക്ഷ പുനഃ സമർപ്പിക്കുന്നതിന് പാർക്കിംഗ് ഏരിയയുടെ കുറവ് ക്രമവൽക്കരിച്ചു നൽകുന്നതിന് സർക്കാരിന്റെ പൊതു നിർദ്ദേശം ലഭ്യമാക്കുന്നതിനു ശുപാർശ ചെയ്യുന്നതിനും തീരുമാനിച്ചു.

5. ശാന്തമ്മ ജോസഫ് മകളായ ജ്യോത്സന പി ജോസെഫിന്റെ ഉത്തർപ്രദേശിലെ ഹോസ്പിറ്റലിൽ ജനിച്ച ആദ്യത്തെ കുട്ടിയുടെ ജനന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് വേണ്ടിയാണ് അദാലത് മുൻപാകെ പരാതി സമർപ്പിച്ചത്. എന്നാൽ ജനനം നടന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ മാത്രമേ ആയതു രജിസ്റ്റർ ചെയ്യുവാൻ സാധിക്കൂ എന്ന് അദാലത്തിൽ സെക്രട്ടറി പറഞ്ഞു. ആയതിനാൽ കുട്ടിയുടെ ജനനം നടന്ന ആശുപത്രി സ്ഥിതിചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ബന്ധെപെട്ടു സർട്ടിഫിക്കറ്റ് വാങ്ങുന്നതിനു പരാതിക്കാർക്കു നിർദ്ദേശം നൽകി തീരുമാനിച്ചു.
6. സാജു ജോൺ തിരുവാർപ്പ് ഗ്രാമ പഞ്ചായത്തിലെ 10ാം വാർഡിലെ 256ാംനമ്പർ കെട്ടിടം പുതുക്കി പണിതത് ക്രമ വൽക്കരിച്ച് ലഭിക്കുന്നതിനാണ് അദാലത് മുൻപാകെ പരാതി സമർപ്പിച്ചത്. എന്നാൽ ടി ആവശ്യത്തിന് വേണ്ടി ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതായി സെക്രട്ടറി അദാലത്തിൽ ബോധിപ്പിച്ചു. വസ്തു നികുതി പരിഷ്കരണത്തോടനുബന്ധിച്ചു ടിയാനോട് അപേക്ഷ സമർപ്പിക്കുന്നതിന് പഞ്ചായത്തിൽ നിന്നും നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാൻ സമർപ്പിച്ച അപേക്ഷ പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയോട് നിർദേശിച്ചു തീരുമാനിച്ചു.
7. സാജു ജോണിന്റെ ഉടമസ്ഥതയിൽ ഉള്ള 9/180, 9/181, 9/182 എന്നീ കെട്ടിടങ്ങൾ ക്രമവൽക്കരിക്കാൻ സമർപ്പിച്ചിട്ടുള്ള അപേക്ഷ അദാലത്തിൽ ചർച്ച ചെയ്തതിൽ ടി

കെട്ടിടങ്ങളുടെ നിർമാണങ്ങളുമായി ബന്ധപ്പെട്ടു ട്രിബ്യൂണലിൽ കേസ് നിലവിലുള്ളതിനാൽ ജില്ലാ അദാലത്തിലേക്കു കൈമാറുന്നതിന് തീരുമാനിച്ചു.

8. ശ്രീ സജു ജോണിന്റെ അപേക്ഷ പരിഗണിച്ചു. പെട്രോൾ പമ്പ് പുതുക്കി പണിയുന്നതിന് അപേക്ഷ സങ്കേതം വഴി ഓൺലൈൻ ആയി സമർപ്പിക്കുന്നതിനും ആയതു സമർപ്പിച്ച ശേഷം പരിശോധന നടത്തി തുടർനടപടി സ്വീകരിക്കുന്നതിനും സെക്രട്ടറിക്കു നിർദേശം നൽകി തീരുമാനിച്ചു.
9. ഫൈസൽ എ കരിം സമർപ്പിച്ച പരാതിയിൽ പള്ളിയുടെ മിനാരം മൂന്നാമത്തെ നിലയായിട്ടാണ് പരിഗണിച്ചത് എന്നും പെർമിറ്റ് അനുവദിച്ചിരിക്കുന്ന ഏരിയ യെക്കാൾ കൂടുതൽ ആണ് നിലവിൽ സമർപ്പിച്ചിരിക്കുന്നത് എന്നും അദാലത്തിൽ സെക്രട്ടറി പറഞ്ഞു.പഞ്ചായത്തിൽ നിന്നും നിർദ്ദേശിച്ചിരിക്കുന്ന ന്യൂനതകൾ പരിഹരിച്ചു അപേക്ഷ പുനഃ സമർപ്പിക്കുന്നതിന് നിർദേശിച്ചു.
10. സുൽഫിക്കർ പി ബി സമർപ്പിച്ച അപേക്ഷയിൽ 220 ബി വയലേഷൻ ഉള്ളതിനാൽ സർക്കാരിന്റെ പൊതു നിർദേശത്തിനായി ശുപാർശ ചെയ്യുന്നു. ആയതു ലഭിച്ചതിനു ശേഷം ഫീസ് അടച്ചു ക്രമവത്കരണത്തിനുള്ള അപേക്ഷ നൽകുന്നതിന് പരാതിക്കാരനോട് നിർദേശിച്ചു .

<u>അയ്മനം പഞ്ചായത്തിൽ രണ്ടു അപേക്ഷകളാണ് അദാലത്തിൽ പരിഗണിച്ചത്. പഞ്ചായത്ത് സെക്രട്ടറിയും സെക്ഷൻ ക്ലർക്കും പങ്കെടുത്തു.</u>

1. അനിൽകുമാർ ടി ഡി യുടെ പരാതി അദാലത്തിൽ പരിശോധിച്ചതിൽ 220 ബി വയലേഷൻ ഉണ്ട് എന്ന് സമിതിക്കു ബോധ്യമായി. ആയതിനാൽ സർക്കാരിന്റെ പൊതു നിർദേശത്തിനായി ശുപാർശ ചെയ്തു.ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് അപേക്ഷകൻറെ അപേക്ഷ പരിഗണിക്കുന്നതാണ് എന്ന് സമിതി അറിയിച്ചു.
2. ഗിരിജ സാനു സമർപ്പിച്ച പരാതിയിൽ താലൂക്ക് ഓഫീസിൽ സ്ഥലത്തിൻറെ തരം മാറ്റുന്നതിനായി അപേക്ഷ സമർപ്പിച്ചപ്പോൾ കക്ഷിയുടെ മുഴുവൻ സ്ഥലവും തരം മാറ്റി നൽകിയിരുന്നു എന്നും എന്നാൽ വില്ലേജ് ഓഫീസിലെ BTR പ്രകാരം മാറിപ്പോയതാണ് എന്നും പരാതിക്കാരി പറഞ്ഞു. ആയതു താലൂക്ക് ഓഫീസിലേക്ക് തിരിച്ചയക്കുന്നതിനു തീരുമാനിച്ചു. തരം മാറ്റി ലഭിക്കുന്ന മുറയ്ക്ക് പെർമിറ്റ് അപേക്ഷ പഞ്ചായത്തിൽ സമർപ്പിക്കുവാൻ കക്ഷിയോട് നിർദേശിച്ചു തീരുമാനിച്ചു

അദാലത്ത് കൃത്യം 1 മണിക്ക് അവസാനിച്ചു.